# പ്രൊഫഷണൽ ഡിഗ്രി കോഴ്സസ് ഇൻ നഴ്സിംഗ് ആൻഡ് അല്ലൈഡ് ഹെൽത്ത് സയൻസ് കോഴ്സുകളിലേക്കുള്ള പ്രവേശനം 2026

## അപേക്ഷാ സമർപ്പണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

എൽ.ബി.എസ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റായ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിലൂടെയാണ് നഴ്സിംഗ് പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾക്ക് 2026–27 അദ്ധ്യയനവർഷം പ്രവേശനം ആഗ്രഹിക്കുന്ന വിദ്യർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പണം പൂർണമായും ഓൺലൈൻ മുഖേന മാത്രമാണ്. ബി.എസ്.സി നഴ്സിംഗിനും മറ്റ് അല്ലൈഡ് ഹെൽത്ത് സയൻസ് ഡിഗ്രി കോഴ്സുകളിലേക്കും അപേക്ഷകർ ഓൺലൈനായി ഒരു അപേക്ഷ സമർപ്പിച്ചാൽ മതിയാകും. അറിയിപ്പുകൾക്കും വിജ്ഞാപനങ്ങൾക്കും അപേക്ഷകർ നിരന്തരം എൽ.ബി.എസ് വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

അപേക്ഷകർ ഓൺലൈൻ അപേക്ഷാ സമർപ്പണത്തിനായി പാസ്പോർട്ട് സൈസ് ഫോട്ടോ, ഒപ്പ് (JPEG ഫോർമാറ്റിൽ ഉള്ളത്) ആവശ്യമുള്ളപക്ഷം അപേക്ഷകന്റെ സർട്ടിഫിക്കറ്റുകളുടെ പൂർണവും വ്യക്തതയോടെ സ്കാൻ ചെയ്തെടുത്ത ഡിജിറ്റൽ കോപ്പി എന്നിവ കരുതേണ്ടതാണ്. മൊബൈൽ നമ്പർ, സാധുവായ ഇമെയിൽ ഐഡി എന്നിവ ഉണ്ടായിരിക്കണം. ഓൺലൈനായി രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ ഇമെയിൽ എന്നിവ അപേക്ഷാ സമർപ്പണത്തിനുശേഷം മാറ്റുവാൻ അനുവദിക്കുന്നതല്ല.

അപേക്ഷയുടെ അന്തിമ സമർപ്പണത്തിനു മുൻപായി ആവശ്യമുള്ള ക്ലെയിമുകൾ നൽകേണ്ടതും അതിനു ആധാരമായ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. അന്തിമ സമർപ്പണത്തിനുശേഷം പുതിയ ക്ലെയിമുകൾ നൽകുവാൻ സാധിക്കുന്നതല്ല. അപേക്ഷ സമർപ്പിക്കുമ്പോൾ ഫോട്ടോ, ഒപ്പ് സർട്ടിഫിക്കറ്റുകൾ എന്നിവ ശരിയായ രീതിയിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്ത രേഖകൾ അപേക്ഷകൻ പരിശോധിച്ച് അവ വ്യക്തമാണോ എന്ന് ഉറപ്പു വരുത്തുന്നതിനുള്ള സൗകര്യം അപേക്ഷകന്റെ ഹോംപേജിൽ ലഭ്യമാണ്.

**അപേക്ഷയുടെ പ്രിന്റൗട്ടും സർട്ടിഫിക്കറ്റിന്റെ കോപ്പികളും എൽ.ബി.എസ് ഡയറക്ടറുടെ ഓഫീസിലേക്ക് അയക്കേണ്ടതില്ല.**

ലോഗിൻ ചെയ്യുന്നതിന് വേണ്ടി ഉപയോഗിക്കുന്ന അപേക്ഷാ നമ്പർ, രജിസ്ട്രേഷൻ ഐ.ഡിയും പാസ്സ്‌വേർഡും അലോട്ട്മെന്റ് പ്രക്രിയ തീരുന്നതു വരെ അപേക്ഷകർ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്.

ഓൺലൈൻ അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചു കഴിഞ്ഞാൽ അപേക്ഷയുടെ (Final Confrimation) അന്തിമ സമർപ്പണം നിർബന്ധമായും ചെയ്തിരിക്കണം. അന്തിമ സമർപ്പണം(Final Confrimation) ചെയ്യാത്ത അപേക്ഷ പരിഗണിക്കുന്നതല്ല. അന്തിമ സമർപ്പണം(Final Confrimation) നടത്തിയ അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ അത് Candidate Portal ൽ അതാത് സമയങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും. എല്ലാ അറിയിപ്പുകളും വിജ്ഞാപനങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ അറിയിപ്പ് പ്രകാരമുള്ള

നിശ്ചിത സമയത്തിനുള്ളിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷകന്റെ ബന്ധപ്പെട്ട ക്ലെയിം/അപേക്ഷ നിരസിക്കുന്നതായിരിക്കും.

അപേക്ഷകൻ പഠിക്കാൻ ആഗ്രഹിക്കുന്ന കോളേജുകളും കോഴ്സുകളും അപേക്ഷ സമർപ്പിക്കുമ്പോൾ നൽകേണ്ടതില്ല. അതിനുള്ള സൗകര്യം പിന്നീട് നൽകുന്നതാണ്.
ഏതൊക്കെ കോഴ്സുകൾക്ക് ചേരണം എന്നുള്ളതെല്ലാം കോളേജ് ഓപ്ഷൻസ് നൽകുന്ന സമയത്ത് കോഴ്സിന്റെ മുൻഗണന പ്രകാരം നൽകിയാൽ മതിയാകും. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം ആയിരിക്കും ഓപ്ഷൻസ് സ്വീകരിക്കുക.

## ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്ന വിധം

## നഴ്സിംഗ് ആൻഡ് അല്ലൈഡ് ഹെൽത്ത് സയൻസ് 2026 കോഴ്സുകൾക്ക്

www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ **Centralized Allotments(Medical)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ കിട്ടുന്ന പേജിലെ **Centralised Allotments and Annoucements** നു താഴെ കാണുന്ന ലിങ്കിൽ **"Application for Nursing and Allied Health Science courses 2026"** ക്ലിക്ക് ചെയ്യുക.
**അപേക്ഷ സമർപ്പണത്തിന്റെ വിവിധ ഘട്ടങ്ങൾ** .

1. **രജിസ്ട്രേഷൻ(New Registration)** - അപേക്ഷകന്റെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തുക. അപേക്ഷകന്റെ കാറ്റഗറി ഇവിടെ രേഖപ്പെടുത്തേണ്ടതുണ്ട്. SC/ST ആണോ മറ്റു വിഭാഗത്തിലുള്ളവർ ആണോ എന്നു രേഖപ്പെടുത്തണം. അതിൻ പ്രകാരം ആയിരിക്കും അടുത്തഘട്ടത്തിൽ അപേക്ഷാഫീസ് ഒടുക്കേണ്ടി വരുന്നത്. **SC/ST** വിഭാഗത്തിനു മാത്രമെ അപേക്ഷാഫീസ് ഇളവിന് അർഹതയുള്ളൂ.

2. **അപേക്ഷാ ഫീസ് ഒടുക്കൽ:** കാറ്റഗറി അടിസ്ഥാനത്തിലാണ് അപേക്ഷാ ഫീസ് **SC/ST** വിഭാഗക്കാർക്ക് **400** രൂപയും മറ്റു വിഭാഗക്കാർക്ക് **800** രൂപയുമാണ്. **OEC** വിഭാഗക്കാർക്ക് അപേക്ഷാ ഫീസിൽ ഇളവില്ല. അപേക്ഷാഫീസ് ഓൺലൈൻ ആയോ അല്ലെങ്കിൽ ഓൺലൈൻ വഴി അപേക്ഷകന്റെ പ്രാഥമിക വിവരങ്ങൾ രേഖപ്പെടുത്തിയശേഷം ഡൗൺലോഡ് ചെയ്തെടുക്കുന്ന ചെല്ലാൻ ഉപയോഗിച്ചോ ബാങ്കിൽ നേരിട്ട് ചെന്ന് ഫീസ് അടയ്ക്കാവുന്നതാണ്. ഓൺലൈൻ വഴി അടയ്ക്കുമ്പോൾ ആ ട്രാൻസാക്ഷൻ "**successful**" ആയെങ്കിൽ മാത്രമെ അപേക്ഷകന് അപേക്ഷ പൂരിപ്പിക്കുന്നതുമായി തുടർന്ന് മുൻപോട്ടു പോകുവാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം ട്രാൻസാക്ഷൻ "**successful**" ആകുന്നതു വരെ കാത്തിരിക്കണം. <u>**ബാങ്കിൽ ഫീസ് ഒടുക്കുന്നവർക്ക് 24 മണിക്കൂറിനുശേഷം അപേക്ഷ പൂരിപ്പിക്കുന്നത് തുടരാം.**</u>

   അപേക്ഷാഫീസ് ഓൺലൈൻ ആയി അടയ്ക്കുന്ന ഘട്ടത്തിൽ ഏതെങ്കിലും സാഹചര്യത്തിൽ നെറ്റ് തകരാർ മൂലം ബ്രേക്ക് ആയി പുറത്തുപോയാൽ ഫീ വീണ്ടും അടയ്ക്കുന്നതിനായി മെയിൻ പേജിലുള്ള "make payment" എന്ന ബട്ടൺ ക്ലിക്ക് ചെയ്ത്കൊണ്ട് ഫീസ് അടയ്ക്കുന്ന പ്രക്രിയ തുടരാവുന്നതാണ്.

   അപേക്ഷാഫീസ് ഒടുക്കി കഴിയുമ്പോൾ ആപ്ലിക്കേഷൻ നമ്പർ, ചെല്ലാൻ നമ്പർ ഇവ ലഭിക്കും. ഇത് സൂക്ഷിച്ചു വയ്ക്കേണ്ടതാണ്.

അപേക്ഷാസമർപ്പണം തുടരുന്നതിന് **"LOGIN"** എന്ന ലിങ്ക് ക്ലിക്ക് ചെയ്താൽ മതി. ആദ്യമായി **"LOGIN"** ക്ലിക്ക് ചെയ്യുമ്പോൾ ആപ്ലിക്കേഷൻ നമ്പർ, ചെല്ലാൻ നമ്പർ, ഫീസ് അടച്ച തിയതി ഇവ നൽകേണ്ടതായി വരും. അതിനുശേഷം പാസ്സ്‌വേർഡ് സെറ്റ് ചെയ്യണം. പാസ്സ്‌വേർഡ് നൽകി സേവ് ചെയ്യുമ്പോൾ രജിസ്ട്രേഷൻ ഐ.ഡി ലഭിക്കും. തുടർന്നുള്ള **login** ൽ ആപ്ലിക്കേഷൻ നമ്പർ, രജിസ്ട്രേഷൻ ഐ.ഡി., പാസ്സ്‌വേർഡ്, ഇവ നൽകിയാൽ മാത്രമെ അപേക്ഷകന് അവരുടെ portal ലിൽ കയറുവാൻ സാധിക്കുകയുള്ളൂ. ആപ്ലിക്കേഷൻ നമ്പർ/രജിസ്ട്രേഷൻ ഐ.ഡി എന്നിവ മറന്നു പോയാൽ **"Application Info recovery"** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വീണ്ടെടുക്കാവുന്നതാണ്.

3. മൂന്നാമത്തെ ഘട്ടത്തിലാണ് ഫോട്ടോ, ഒപ്പ്, അപേക്ഷകന്റെ സർട്ടിഫിക്കറ്റുകൾ എന്നിവ അപ്‌ലോഡ് ചെയ്യേണ്ടത്. അതിനായി login ലിങ്ക് ക്ലിക്ക് ചെയ്യുക. പാസ്പോർട്ട് സൈസ് ഫോട്ടോ ആയിരിക്കണം അപ്‌ലോഡ് ചെയ്യേണ്ടത്. അപേക്ഷകൻ നേറ്റിവിറ്റി, ജനനതീയതി, സാമുദായിക സംവരണം, ഫീസ് കൺസഷൻ, മാർക്ക് എന്നീ വിവരങ്ങൾ നൽകി അതിനുള്ള സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്ത് അപേക്ഷ പൂർണമാക്കണം. ഇവിടെ നൽകുന്ന മൊബൈൽ നമ്പർ, ഇമെയിൽ ഐ. ഡി. ഇവ ആയിരിക്കും അപേക്ഷകനെ ബന്ധപ്പെടാൻ ഉപയോഗിക്കുന്നത്. ഇവ പിന്നീട് മാറ്റാൻ സാധിക്കുകയില്ല. ഇവിടെ നൽകുന്ന ക്ലെയിം(അവകാശ വാദങ്ങൾ) അനുസരിച്ചാണ് സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടി വരുന്നത്. നേറ്റിവിറ്റി തെളിയിക്കുന്ന രേഖയും, ജനനതീയതി തെളിയിക്കുന്ന രേഖയും മാർക്ക് തെളിയിക്കുന്നതിനായി ആവശ്യപ്പെട്ടുള്ള മാർക്ക് ലിസ്റ്റ്/ഹാൾ ടിക്കറ്റ് ഇവ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്.

Academic Data നൽകുമ്പോൾ 2026 നു മുൻപ് പാസ്സായിട്ടുള്ളവരും CBSE,ISC,ICSE എന്നീ ബോർഡുകളിലോ മറ്റ് സംസ്ഥാന ബോർഡുകളിലോ പഠിച്ച് 2026 ലോ മുൻ വർഷങ്ങളിലോ പാസ്സായവരും അവർക്ക് +2 വിന് ലഭിച്ച മാർക്ക് ഓൺലൈൻ അപേക്ഷാ സമർപ്പിക്കുമ്പോൾ രേഖപ്പെടുത്തേണ്ടതാണ്. 2026 അദ്ധ്യയന വർഷം +2 പരീക്ഷ എഴുതിയ Kerala HSE / VHSE അപേക്ഷാർത്ഥികൾ മാർക്ക് ഓൺലൈനായി നൽകേണ്ടതില്ല. അവർ ഹാൾടിക്കറ്റ് നമ്പർ രേഖപ്പെടുത്തിയാൽ മതിയാകും.

സാമുദായിക സംവരണം, ഭിന്നശേഷി സംവരണം, പ്രത്യേക സംവരണം(വിവിധ തരം ക്വാട്ടകൾ) EWS സംവരണം തുടങ്ങിയ ക്ലെയിമുകൾ അപേക്ഷയിൽ നിശ്ചിത സ്ഥാനത്തുതന്നെ രേഖപ്പെടുത്തിയിരിക്കണം. ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റിലെ എല്ലാ വരികളും കോളങ്ങളും പൂരിപ്പിച്ചിട്ടുണ്ടോ എന്നും സർട്ടിഫിക്കറ്റ് തരുന്ന തീയതി, ഒപ്പ്, ഉദ്യോഗപേരുള്ള സീൽ, ഓഫീസ് സീൽ എന്നിവ പതിച്ചിട്ടുണ്ടോ എന്നും നോക്കി ഉറപ്പു വരുത്തേണ്ടതാണ്. EWS സർട്ടിഫിക്കറ്റിലെ **financial year** കോളത്തിൽ, കഴിഞ്ഞ **financial year(2025-26)** ആയിരിക്കണം വരേണ്ടത്. **NRI quota** ആവശ്യമുണ്ടെങ്കിൽ അത് അപേക്ഷയിൽ രേഖപ്പെടുത്തുകയും അതിനാവശ്യമുള്ള സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുകയും വേണം. **SC/ST/OEC** ഒഴികെ ട്യൂഷൻ ഫീസ് കൺസഷന് അർഹതയുള്ളവർ **income certificate** അപ്‌ലോഡ് ചെയ്തിരിക്കണം.

4. അപേക്ഷ പൂരിപ്പിക്കുന്നതു ഇടയ്ക്കു **save** ചെയ്തു പിന്നീട് തുടരാവുന്നതാണ്. **(Final confirmation)** അന്തിമ സമർപ്പണം ചെയ്യുന്നതുവരെ അപേക്ഷയിൽ എന്ത് മാറ്റം വേണമെങ്കിലും വരുത്താം. അപേക്ഷയിൽ നൽകിയ വിവരങ്ങൾ എല്ലാം പൂർണമാണെന്ന് ഉറപ്പുവരുത്തിക്കഴിഞ്ഞാൽ അപേക്ഷാ സമർപ്പണത്തിന്റെ അവസാനഘട്ടമായ അന്തിമ സമർപ്പണത്തിലേക്കു കടക്കാം. അന്തിമ സമർപ്പണം (Final confirmation) നടത്തി കഴിഞ്ഞാൽ പിന്നീട് അപേക്ഷകന് പുതിയ ക്ലെയിം നൽകുവാനോ അപേക്ഷയിൽ മാറ്റങ്ങൾ വരുത്തുവാനോ സാധിക്കുകയില്ല. അന്തിമ സമർപ്പണം നടത്തുമ്പോൾ ലഭിക്കുന്ന അക്നോളഡ്ജ്മെന്റ് **(acknowledgment)** പേജിന്റെ പ്രിന്റ് എടുത്തു സൂക്ഷിക്കേണ്ടതാണ്. അന്തിമ സമർപ്പണം നടത്തിയ അപേക്ഷകൾ മാത്രമെ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.

**അപാകതകൾ പരിഹരിക്കുവാനുള്ള അവസരങ്ങൾ നൽകിയിട്ടും അപേക്ഷ നിരസിക്കുന്നതിനുള്ള കാരണങ്ങൾ താഴെ പറയുന്നതാണ്.**

- നേറ്റിവിറ്റി, ജനനതീയതി തെളിയിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ.
- മാർക്ക് തെളിയിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപലോഡ് ചെയ്തിട്ടില്ലെങ്കിൽ,
- SC/ST വിഭാഗത്തിലുള്ളവർ സാധുവായ ജാതി സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ, (SC/ST വിഭാഗത്തിലുള്ളവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്കും സമർപ്പിച്ച ജാതി സർട്ടിഫിക്കറ്റ് എന്തെങ്കിലും കാരണവശാൽ നിരസിക്കുകയും അവരുടെ SC/ST ക്ലെയിം ലഭിക്കാത്ത സാഹചര്യത്തിൽ, ജനറൽ വിഭാഗത്തിൽ പരിഗണിക്കപ്പെടണമെന്നുണ്ടെങ്കിൽ അവർ അപേക്ഷാ ഫീസിന്റെ ബാക്കി തുക കൂടി അടച്ച് ജനറൽ കാറ്റഗറിയിൽ രജിസ്റ്റർ ചെയ്യുവാനുള്ള അവസരം നൽകുന്നതാണ്.

വിജ്ഞാപനങ്ങൾക്കും നിർദ്ദേശങ്ങൾക്കും അപേക്ഷകർ നിരന്തരം വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. www.lbscentre.kerala.gov.in

**Note**

വിവിധ സംവരാണുകൂല്യങ്ങൾക്ക് കേരളത്തിലെ റവന്യൂ അധികാരികളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. അപേക്ഷ ഫീസ് ഒടുക്കുന്നതിന്റെ അവസാന തീയതി അനുസരിച്ചാണ് സർട്ടിഫിക്കറ്റിന്റെ കാലാവധി നിശ്ചയിക്കുന്നത്.

ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട സർട്ടിഫിക്കറ്റുകളെപറ്റിയുള്ള കൂടുതൽ വിവരങ്ങൾക്ക് "**Certificates required for various claims**" എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക.

റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം **"എങ്ങനെ കോഴ്സ്/കോളേജ് ഓപ്ഷൻ നൽകാം"** എന്നതിനെകുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക് 0471-2560361, 362, 363, 364 Mobile-940077954**